(സി) വാടക കെട്ടിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ അംഗൻവാടികൾക്കാണ് ഇപ്പോൾ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്, അവയുടെ ഓരോന്നിന്റെയും സെന്റർ നമ്പർ സഹിതം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ഏതു ഘട്ടം വരെയെന്നും ആർക്കാണ് ഇതു സംബന്ധിച്ച് ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ 12 ഐ.സി.ഡി.എസ്. പ്രോജക്ടുകളാണ് ഉള്ളത്. ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 713 അംഗനവാടികൾ ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത 31 അംഗൻവാടികളാണ് ഉള്ളത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 577 അംഗൻവാടികൾ ഉണ്ട്. വിശദവിവരങ്ങൾ അനുബന്ധം-2* ആയി ചേർക്കുന്നു.

(സി) അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുഴുവൻ അംഗൻവാടികൾക്കും വിവിധ പദ്ധതികളിലൂടെയും ഫണ്ടുകളിലൂടെയും കെട്ടിടം നിർമ്മിച്ച് നൽകുന്നു. കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ വക ഭൂമി, പഞ്ചായത്ത് ഭൂമി, സൗജന്യമായി ലഭ്യമാകുന്ന ഭൂമി, സ്കൂൾ കോമ്പൗണ്ട് എന്നിവ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്വന്തമായി ഭൂമി ലഭ്യമായാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതാണ്.

(ഡി) റാന്നി നിയോജക മണ്ഡലത്തിൽ കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ വിശദവിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ

332 (1806) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്, പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

(ബി) മാതൃക അംഗൻവാടികളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടത്തിന്റെ വലിപ്പം, എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത 17 അംഗൻവാടി കൾ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ച് വിശദാംശം ചുവടെ ചേർക്കുന്നു :

പ്രോജക്ടിന്റെ പേര്	പഞ്ചായത്ത്	അംഗൻവാടികളുടെ എണ്ണം
കട്ടപ്പന അഡീഷണൽ	ചക്കുപള്ളം	2
കട്ടപ്പന	കട്ടപ്പന	2
കട്ടപ്പന	വണ്ടൻമേട്	1
കട്ടപ്പന	ഇരട്ടയാർ	5
നെടുങ്കണ്ടം	നെടുങ്കണ്ടം	3
നെടുങ്കണ്ടം അഡീഷണൽ	രാജക്കാട്	2
നെടുങ്കണ്ടം അഡീഷണൽ	രാജകുമാരി	1
നെടുങ്കണ്ടം അഡീഷണൽ	സേനാപതി	1
ആകെ		17

(ബി) 10 സെന്റ് വിസ്തൃതിയുള്ള സ്ഥലത്ത് 1475 sqft വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ടോയ്ലെറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക

333 (1807) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ നിലവിലുള്ള സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഏതെല്ലാം പെൻഷനുകളിൽ എത്ര ഗഡു വീതം കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ;

(ബി) കുടിശ്ശിക തീർത്ത് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly